REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 01-08-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **PM കിസാൻ സമ്മാൻ നിധിയുടെ 20-ാം ഗഡു നാളെ വിതരണം ചെയ്യും. വാരാണാസിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി വിതരണത്തിന് തുടക്കമിടും.**
- **സംസ്ഥാനത്ത് ട്രോളിങ്ങ് നിരോധനം അവസാനിച്ചു.**
- **സംസ്ഥാനത്തെ സ്കൂളുകളിൽ പുതുക്കിയ മെനു പ്രകാരം ഉച്ചഭക്ഷണ വിതരണം ഇന്ന് ആരംഭിക്കും.**
- **സംസ്ഥാനത്ത് നാളെ മുതൽ മഴ വീണ്ടും ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.**
- **ലോക മുലയൂട്ടൽ വാരാചരണത്തിന് ഇന്ന് തുടക്കമാകും.**
- **ഇന്ത്യ-ഇംഗ്ലണ്ട് അവസാന ക്രിക്കറ്റ് ടെസ്റ്റിന്റെ ആദ്യ ദിവസം ഇന്ത്യ ആറ് വിക്കറ്റിന് 204 റൺസെടുത്തു.**

## വാർത്തകൾ വിശദമായി

പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധിയുടെ 20-ാം ഗഡു നാളെ വിതരണം ചെയ്യും. ഒമ്പത് കോടി 70 ലക്ഷത്തിൽ പരം കർഷകരുടെ അക്കൗണ്ടുകളിലേക്ക് 2,000 രൂപ വീതം നിധിയിൽ നിന്ന് നേരിട്ട് കൈമാറും. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഉത്തർപ്രദേശ് സന്ദർശനത്തിനിടെ വാരാണാസിയിലാണ് 20-ാം ഗഡു അദ്ദേഹം വിതരണം ചെയ്യുന്നത്. 2,200 കോടിയോളം രൂപയുടെ വികസന പദ്ധതികൾക്ക് അദ്ദേഹം തുടക്കമിടും. പൂർത്തീകരിച്ച പദ്ധതികൾ അദ്ദേഹം നാടിന് സമർപ്പിക്കുകയും ചെയ്യും. നാളെ രാവിലെ നരേന്ദ്രമോദി വാരണാസിയിലെത്തും.

✪✪✪

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഝാർഖണ്ഡിലെ ധൻബാദ് IIT യുടെ 45-ാമത് ബിരുദദാന ചടങ്ങിൽ മുഖ്യാതിഥിയാകും. ഇന്നലെയാണ് രണ്ട് ദിവസത്തെ സന്ദർശനത്തിന് രാഷ്ട്രപതി ഝാർഖണ്ഡിലെത്തിയത്.

✪✪✪

രാഷ്ട്രപതി ഭവൻ അങ്കണത്തിൽ നാളെയും ഈ മാസം 9, 16 തീയതികളിലും ഗാർഡ് മാറ്റ ചടങ്ങ് ഉണ്ടാകില്ലെന്ന് രാഷ്ട്രപതിയുടെ ഓഫീസ് അറിയിച്ചു. സ്വാതന്ത്ര്യദിന ആഘോഷങ്ങളുടെ ഭാഗമായി ഇന്ത്യ സന്ദർശിക്കുന്ന അതിഥികളുടെ ഗാർഡ് ഓഫ് ഓണറിനും സ്വാതന്ത്ര്യദിന ചടങ്ങിനും വേണ്ടി റിഹേഴ്സൽ നടത്തുന്ന പശ്ചാത്തലത്തിലാണ് മാറ്റം.

✪✪✪

ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാൻ അർഹരായവരുടെ പട്ടികയ്ക്ക് തെരഞ്ഞെടുപ്പ് കമ്മീഷൻ അന്തിമ രൂപം നൽകി. രാജ്യസഭയിലെ തെരഞ്ഞെടുത്തവരും നാമനിർദേശം ചെയ്യപ്പെട്ടവരുമായ അംഗങ്ങളും, ലോക്സഭയിലേക്ക് തെരഞ്ഞെടുത്ത അംഗങ്ങളുമാണ് ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നത്. തെരഞ്ഞെടുപ്പിന്റെ ഔദ്യോഗിക വിജ്ഞാപനം തെരഞ്ഞെടുപ്പ് കമ്മീഷൻ വൈകാതെ പുറത്തിറക്കും.

✪✪✪

ഗുജ്റാത്തിലെ കാണ്ട്ല തുറമുഖത്ത് തദ്ദേശീയമായി നിർമ്മിച്ച ഒരു മെഗാവാട്ടിന്റെ ഹരിത ഹൈഡ്രജൻ നിലയം കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ നാടിന് സമർപ്പിച്ചു. ഇന്ത്യയുടെ ഹരിത പരിവർത്തനത്തിന്റെ പ്രതീകമാണ് ഹൈഡ്രജൻ നിലയമെന്ന് അദ്ദേഹം പറഞ്ഞു. കാർബൺ പുറംതള്ളൽ ഇല്ലാതാക്കാൻ രാജ്യം കൈക്കൊള്ളുന്ന പ്രതിബദ്ധതകളുടെ തെളിവാണിതെന്നും കേന്ദ്രമന്ത്രി അഭിപ്രായപ്പെട്ടു. പത്തു മെഗാവാട്ട് പദ്ധതിയുടെ ആദ്യ ഘട്ടമായാണ് ഒരു മെഗാവാട്ട് നിലയം കമ്മീഷൻ ചെയ്തത്.

✪✪✪

പ്രത്യേക വോട്ടർപട്ടിക പരിഷ്കരണ പദ്ധതി പ്രകാരം തയ്യാറാക്കിയ കരട് വോട്ടർപട്ടിക ബിഹാറിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് പ്രസിദ്ധീകരിക്കും. ബിഹാറിലെ 38 ജില്ലകളിലെയും എല്ലാ അംഗീകൃത രാഷ്ട്രീയ പാർട്ടികൾക്കും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ വോട്ടർ പട്ടികയുടെ കോപ്പിയും ഡിജിറ്റൽ ഫോർമാറ്റും നൽകുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ പറഞ്ഞു.

✪✪✪

ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളിൽ കൃത്രിമം കാണിക്കാൻ കഴിയില്ലെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ ആവർത്തിച്ച് വ്യക്തമാക്കി. കഴിഞ്ഞ മഹാരാഷ്ട്ര തെരഞ്ഞെടുപ്പിൽ V.V.പാറ്റ് സ്ലിപ്പുകളുടെ എണ്ണത്തിൽ പൊരുത്തക്കേടുകൾ കണ്ടെത്തിയിട്ടില്ലെന്നും കമ്മീഷൻ വെളിപ്പെടുത്തി.

✪✪✪

ബാങ്കിങ് മേഖലയിലെ ഭരണ നിലവാരം മെച്ചപ്പെടുത്തുന്ന 2025-ലെ ബാങ്കിങ് നിയമ ഭേദഗതി നിയമം ഇന്ന് പ്രാബല്യത്തിൽ വരും. നിക്ഷേപകർക്ക് കൂടുതൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതാണ് പുതിയ ഭേദഗതി. ഈ വർഷം ഏപ്രിൽ 15ന് വിജ്ഞാപനം ചെയ്ത നിയമഭേദഗതി പൊതുമേഖലാ ബാങ്കുകളുടെ ഓഡിറ്റ് ഗുണനിലവാരം മെച്ചപ്പെടുത്താനും സഹകരണ ബാങ്ക് ഡയറക്ടർമാരുടെ കാലാവധി എട്ടു വർഷത്തിൽ നിന്ന് പത്തു വർഷമാക്കാനും വ്യവസ്ഥ ചെയ്യുന്നു.

✪✪✪

അമേരിക്കയുടെ 25 ശതമാനം ഇറക്കുമതിതീരുവയെ തുടർന്ന് ഇന്ത്യയിൽ സാമ്പത്തിക അടിയന്തരാവസ്ഥ പ്രഖ്യാപിച്ചുവെന്ന പാകിസ്ഥാൻ പ്രചാരണം അടിസ്ഥാന രഹിതമാണെന്ന് PIB ഫാക്ട് ചെക്ക് യൂണിറ്റ് വ്യക്തമാക്കി. ഇന്ത്യയിൽ അത്തരം ഒരു സാഹചര്യവുമില്ലെന്ന് PIB അറിയിച്ചു. ഇത്തരം വ്യാജ പ്രചാരണങ്ങളെ വിശ്വസിക്കരുതെന്ന് അവർ മുന്നറിയിപ്പ് നൽകി.

✪✪✪

കഴിഞ്ഞ ജൂലൈ ഒന്നുവരെ ദേശീയപാതകളിലെ പൊതുമേഖലാ എണ്ണക്കമ്പനി പെട്രോൾ പമ്പുകളിൽ 368 അപ്നാ ഘർ വിശ്രമ സൗകര്യം ഒരുക്കിയിട്ടുണ്ടെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ലോക്സഭയെ അറിയിച്ചു. ദീർഘ ദൂരം ട്രക്കുകൾ ഓടിക്കുന്ന ഡ്രൈവർമാർക്ക് വിശ്രമിക്കാനും അതുവഴി സുരക്ഷ വർദ്ധിപ്പിക്കാനും ലക്ഷ്യമിട്ടാണ് പ്രധാനമായും അപ്നാ ഘർ പദ്ധതി നടപ്പാക്കുന്നതെന്നും സുരേഷ് ഗോപി വിശദീകരിച്ചു.

✪✪✪

സംസ്ഥാനത്ത് ട്രോളിങ്ങ് നിരോധനം അവസാനിച്ചു. രാത്രി പന്ത്രണ്ട് മണിമുതൽ യന്ത്രവത്കൃത മത്സ്യബന്ധനയാനങ്ങൾ കടലിൽ പോയിത്തുടങ്ങി.

വിശദാംശങ്ങളുമായി ജില്ലാ പ്രതിനിധി S. നീരജ് ലാൽ

...... (വോയ്സ്).....

52 ദിവസംനീണ്ട ട്രോളിങ്ങ് നിരോധനം അവസാനിക്കുമ്പോൾ വറുതിക്കാലത്തിന് അറുതിയാകുമെന്ന പ്രതീക്ഷയിലാണ് യന്ത്രവത്കൃത മത്സ്യബന്ധനമേഖലയെ ആശ്രയിക്കുന്ന പതിനായിരക്കണക്കിന് കുടുംബങ്ങൾ. കൊല്ലം ശക്തികുളങ്ങര ഹാർബറിൽ ട്രോളിങ് നിരോധനം അവസാനിപ്പിക്കുന്ന നടപടികൾക്ക് ഫിഷറീസ് അധികൃതർ നേതൃത്വം നൽകി. കൃത്യം 12 മണിക്ക് മറൈൻ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ വിസിൽ മുഴക്കിയതോടെ നീണ്ടകര, ശക്തികുളങ്ങര ഹാർബറുകളിൽ കാത്തുകിടന്ന ബോട്ടുകൾ ചാകരതേടി അറബിക്കടലിലേക്ക് കുതിച്ചു. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ രമേശ് ശശിധരൻ, മറൈൻ എൻഫോഴ്സ്മെന്റ് ചീഫ് ഗാർഡ് അജിത് കുമാർ, ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ ചന്ദ്രലേഖ എന്നിവർ നേതൃത്വം നൽകി. സുരക്ഷ, സുസ്ഥിര മത്സ്യബന്ധനം എന്നിവ ഉറപ്പാക്കാൻ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കണമെന്നും, നിയമലംഘകർക്കെതിരെ ഫിഷറീസ് ആക്ട് പ്രകാരം നടപടി എടുക്കുമെന്നും ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ പറഞ്ഞു. പുതിയ സീസൺ ആരംഭിക്കുന്നതിന്റെ സന്തോഷ സൂചകമായി ഹാർബറിൽ അമിട്ടുകൾ പൊട്ടിച്ചു. ബോട്ടുടമകളുടെയും, മത്സ്യത്തൊഴിലാളികളുടെയും കുടുംബാംഗങ്ങളും, പ്രദേശവാസികളും ഉൾപ്പടെ ധാരാളംപേർ ഹാർബറിൽ എത്തിയിരുന്നു. കടലമ്മ കനിയുമെന്ന പ്രതീക്ഷയോടെയാണ് 52 ദിവസത്തെ കാത്തിരിപ്പിനുശേഷം മത്സ്യത്തൊഴിലാളികൾ പണിക്ക് പോകുന്നത്.

✪✪✪

സംസ്ഥാനത്തെ സ്കൂളുകളിൽ പുതുക്കിയ മെനു പ്രകാരം ഉച്ചഭക്ഷണ വിതരണം ഇന്ന് ആരംഭിക്കും. വെജിറ്റബിൾ ഫ്രൈഡ് റൈസ് ഉൾപ്പെടെയാണ് പുതിയ മെനു തയ്യാറാക്കിയത്. വിദ്യാഭ്യാസ വകുപ്പിന്റെ വിദഗ്ധ സമിതി റിപ്പോർട്ട് അനുസരിച്ചാണ് സ്കൂളുകളിലെ പുതിയ ഉച്ചഭക്ഷണ മെനു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

......വോയ്സ്.......

ഇപ്പോൾ സ്കൂളുകളിൽ നൽകുന്ന ചോറിനു പുറമെ മുട്ട ഫ്രൈഡ് റൈസ്, ലമൺ റൈസ്, വെജ് ബിരിയാണി, പായസങ്ങൾ എന്നിവ പരിഷ്കരിച്ച ഉച്ചഭക്ഷണ മെനുവിൽ ഉണ്ട്. ആഴ്ചയിൽ ഒരു ദിവസം സമ്പുഷ്ടീകരിച്ച അരി വിഭവങ്ങൾ നൽകും. ഒന്നോ രണ്ടോ ദിവസങ്ങളിൽ പച്ചക്കറിയ്ക്ക് പകരമായി മൈക്രോ ഗ്രീൻസും മെനുവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. റാഗി കൊഴുക്കട്ട, ഇലയട, അവൽ തുടങ്ങിയ വിവിധ വിഭവങ്ങളും മെനുവിന്റെ ഭാഗമാണ്.

ചെറു ധാന്യ വിഭവങ്ങൾ നൽകുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, PTA പൊതു സമൂഹം എന്നിവരുടെ സഹായം തേടാമെന്നും വിദ്യാഭ്യാസ വകുപ്പ് നിർദേശം നൽകിയിട്ടുണ്ട്.

✪✪✪

CPIM സംസ്ഥാന കമ്മിറ്റി തിരുവനന്തപുരത്ത് ഇന്ന് VS അച്യുതാനന്ദൻ അനുസ്മരണ സമ്മേളനം സംഘടിപ്പിക്കും. വൈകുന്നേരം 4ന് കനകക്കുന്നിലാണ് പരിപാടി.

മുഖ്യമന്ത്രി പിണറായി വിജയൻ, CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ, പ്രതിപക്ഷ നേതാവ് VD സതീശൻ, വിവിധ കക്ഷി നേതാക്കൾ എന്നിവർ പങ്കെടുക്കും.

✪✪✪

സംസ്ഥാനത്ത് നാളെ മുതൽ മഴ വീണ്ടും ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ആലപ്പുഴ, എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രതയാണ്. ചിലയിടങ്ങളിൽ മണിക്കൂറിൽ 40 മുതൽ 50 വരെ കിലോമീറ്റർ വേഗത്തിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്. ലക്ഷദ്വീപ് തീരത്ത് തിങ്കളാഴ്ച വരെയും കർണാടക തീരത്ത് നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

✪✪✪

ഇരിങ്ങാലക്കുട ജനറൽ ആശുപത്രിയിലെ ഡയാലിസിസ് സെന്റർ ഉച്ചയ്ക്ക് മന്ത്രി വീണ ജോർജ് നാടിന് സമർപ്പിക്കും.

5 കോടി 27 ലക്ഷം രൂപ ചെലവിലാണ് ഡയാലിസിസ് സെന്റർ നിർമ്മിച്ചത്. ഓരേ സമയം പത്ത് പേർക്ക് ഡയാലിസിസിന് കേന്ദ്രത്തിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

ഇരിങ്ങാലക്കുട മണ്ഡലത്തിൽ പൂർത്തീകരിച്ച മൂന്ന് ആരോഗ്യ സേവന പദ്ധതികളും മന്ത്രി ഉദ്ഘാടനം ചെയ്യും.

✪✪✪

ലോക മുലയൂട്ടൽ വാരാചരണത്തിന് ഇന്ന് തുടക്കം. ജനിച്ച് ആദ്യ മണിക്കൂറിൽ തന്നെ കുഞ്ഞുങ്ങൾക്ക് മുലപ്പാൽ നൽകുന്നുണ്ടെന്ന് ഉറപ്പാക്കണമെന്ന ബോധവത്കരണമാണ് വാരാചരണത്തിലൂടെ നൽകുന്നത്.

ഡെസ്ക് റിപ്പോർട്ട്

.........വോയ്സ്.......

ആറുമാസം വരെ അമ്മയുടെ മുലപ്പാൽ മാത്രം കുഞ്ഞിന് നൽകണമെന്ന അറിവ് വാരാചരണകാലത്ത് ജനങ്ങളിലെത്തിക്കും. ലോകാരോഗ്യസംഘടനയും, ഐക്യരാഷ്ട്ര ശിശുക്ഷേമ സമിതിയും ചേർന്നാണ് വാരാചരണം സംഘടിപ്പിക്കുന്നത്.

കേരളത്തിൽ നിലവിൽ 56 ശതമാനം കുഞ്ഞുങ്ങൾക്ക് മാത്രമാണ് ആറുമാസം വരെ മുലപ്പാൽ മാത്രം നൽകുന്നതെന്നും എട്ടു ശതമാനം കുട്ടികൾക്ക് ആദ്യ ദിവസം മുതൽ മുലപ്പാലിനൊപ്പം മറ്റെന്തെങ്കിലും കൂടി നൽകുന്നതായും കണ്ടെത്തിയിട്ടുണ്ട്.

✪✪✪

ഇന്ത്യ-ഇംഗ്ലണ്ട് അവസാന ക്രിക്കറ്റ് ടെസ്റ്റിന്റെ ആദ്യ ദിവസം ഇന്ത്യ ആറ് വിക്കറ്റിന് 204 റൺസെടുത്തു. ഇന്നലെ കളി അവസാനിക്കുമ്പോൾ കരുൺ നായരും വാഷിംഗ്ടൺ സുന്ദറുമാണ് ക്രീസിൽ. രണ്ട് തവണ മഴ കളി തടസ്സപ്പെടുത്തിയെങ്കിലും 64 ഓവർ പൂർത്തിയാക്കിയാണ് ആദ്യ ദിവസത്തെ മത്സരം അവസാനിപ്പിച്ചത്.

✪✪✪

മക്കാവോ ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യയുടെ പോരാട്ടം തുടരുന്നു. പുരുഷ സിംഗിൾസിൽ തരുൺ മന്നെപ്പള്ളി, ലക്ഷ്യ സെൻ, എന്നിവരും, പുരുഷ ഡബിൾസിൽ സ്വാതിക് സായ്‌രാജ് രങ്കി റെഡ്ഡി- ചിരാഗ് ഷെട്ടി സഖ്യവും ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു.

✪✪✪

ഭൂമിയുടെ ഉപരിതലത്തിലെ ചെറിയ മാറ്റങ്ങൾ പോലും സൂക്ഷ്മമായി നിരീക്ഷിച്ച് വിവരങ്ങൾ കൈമാറാൻ കഴിയുന്ന നിസാർ ഉപഗ്രഹത്തിന്റെ വിക്ഷേപണം എല്ലാ ഇന്ത്യക്കാരുടെയും അഭിമാന നിമിഷങ്ങളിൽ ഒന്നാണെന്ന് ISRO ചെയർമാൻ V. നാരായണൻ പറഞ്ഞു. NISAR ഉപഗ്രഹത്തിന്റെ വിജയകരമായ വിക്ഷേപണ ദൗത്യത്തിനു ശേഷം തിരുവനന്തപുരം വിമാനത്താവളത്തിൽ എത്തിയ ചെയർമാന് ഊഷ്മള സ്വീകരണം ഒരുക്കിയിരുന്നു.

✪✪✪

തലശ്ശേരി ടൂറിസം പദ്ധതിയിൽ കടൽപ്പാലത്തിന്റെയും എലിവേറ്റഡ് വാക് വേയുടെയുംമ നിർമാണം ഒക്ടോബറിൽ ആരംഭിക്കുമെന്ന് സ്പീക്കർ AN ഷംസീർ അറിയിച്ചു. തലശ്ശേരിയിലെ ടൂറിസം വികസനത്തിന് വലിയൊരു ചുവടുവെപ്പായിരിക്കും വാക് വേയെന്ന് സ്പീക്കർ പറഞ്ഞു.

തലശ്ശേരി സെന്റിനറി പാർക്ക് മുതൽ സീ വ്യൂ പാർക്ക് വരെ സൗന്ദര്യവൽക്കരിക്കാൻ ഏഴ് കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ഷംസീർ അറിയിച്ചു.

✪✪✪

BV അബ്ദുള്ളകോയ ഫൗണ്ടേഷൻ അവാർഡ് CMP ജനറൽ സെക്രട്ടറി CP ജോണിന് കോഴിക്കോട്ട് മുസ്ലീം ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ്തങ്ങൾ സമ്മാനിച്ചു. CP ജോണിനെ അടുത്ത നിയമസഭയിൽ MLA ആയി കാണാൻ ആഗ്രഹിക്കുന്നതായും അതിന് മുസ്ലിംലീഗ് എല്ലാ സഹായവും നൽകുമെന്നും അദ്ദേഹം അറിയിച്ചു.

✪✪✪

മറയൂർ ചിന്നാറിൽ നിന്ന് പുലിപ്പല്ലുമായി പിടിയിലായ കുറുമല സ്വദേശി മാരിമുത്തുവിനെ തമിഴ്നാട് വനംവകുപ്പിന്റെ കസ്റ്റഡിയിലിരിക്കെ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തി. കേരള എക്സൈസ് സംഘമാണ് KSRTC ബസിൽ നിന്ന് ഇയാളെ പുലിപ്പല്ലുമായി പിടികൂടി തമിഴ്നാട് വനം വകുപ്പിന് കൈമാറിയത്.

✪✪✪

പത്തനംതിട്ട റാന്നി വെച്ചുച്ചിറയിൽ വിദ്യാർഥിനിയടക്കം നാലുപേരെ കടിച്ച നായയെ ചത്തനിലയിൽ കണ്ടെത്തിയ സാഹചര്യത്തിൽ ആരോഗ്യവിഭാഗം ജാഗ്രതാ നിർദേശം നൽകി.

മറ്റ് നായ്ക്കളെയും മൃഗങ്ങളേയും ഈ നായ കടിച്ചിരിക്കാൻ സാധ്യത ഉണ്ടെന്നും അതിനാൽ കുറച്ചു ദിവസം എല്ലാവരും ശ്രദ്ധിക്കണമെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader:അനിൽ ചന്ദ്രൻ*
*NRTs: ഫസ്ന ഫാത്തിമ*
*DEO: സി കെ സുബോധ്*